**No. CEE/3601/K.MAT/2021/TA3**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

## എം.ബി.എ കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ (കെമാറ്റ് - 2021) ഓൺലൈൻ അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കുന്നത് സംബന്ധിച്ച്

**2021 ഏപ്രിൽ 11 -ാം തീയതി ഞായറാഴ്ച** കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ചു നടത്തുന്ന 2021–22 വർഷത്തെ എം.ബി.എ കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഓൺലൈൻ അപേക്ഷയിലെ വിവരങ്ങൾ **31.03.2021** മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പരിശോധിക്കാവുന്നതാണ്.

വെബ്സൈറ്റിലെ **'KMAT 2021 - Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിൽ **ആപ്ലിക്കേഷൻ നമ്പറും, പാസ്‌വേഡും** കൃത്യമായി നൽകി ആപ്ലിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

ഓൺലൈൻ അപേക്ഷയിൽ നിലനിൽക്കുന്ന അപാകതകൾ ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവയ്ക്കാൻ കാരണമായേക്കാവുന്നതാണ്. അത്തരം വിദ്യാർത്ഥികൾക്ക് 'Memo' ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദവിവരങ്ങൾ കാണാവുന്നതാണ്. ന്യൂനതകൾ പരിഹരിക്കാൻ ആവശ്യമായ ബന്ധപ്പെട്ട രേഖകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ 05.04.2021 വൈകുന്നേരം 3.00 മണിക്ക് മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഫീസ് സംബന്ധമായ അപാകത കാരണം അഡ്മിറ്റ് കാർഡുകൾ ലഭ്യമാക്കാത്ത അപേക്ഷകർ അടയ്ക്കേണ്ട തുക ഓൺലൈൻ പേയ്മെന്റ് ആയി മേൽ തീയതിയ്ക്കു മുമ്പായി വെബ്സൈറ്റിലെ **'K MAT-2021 Candidate Portal'** വഴി അടയ്ക്കേണ്ടതാണ്. തപാൽ/ഇ–മെയിൽ/ഫാക്സ് മുഖേന സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്നതല്ല.

**ഹെൽപ്പ്ലൈൻ നമ്പർ: 0471– 2525300**

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
31.03.2021